ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ

ആൻ ഫ്രാങ്ക്

ലോകമനസ്സാക്ഷിയെ പിടിച്ചുലയ്ക്കുകയും സാന്ത്വനിപ്പിക്കുകയും പ്രത്യാശാനിർഭരമാക്കുകയും ചെയ്ത ആൻ ഫ്രാങ്ക് എന്ന പെൺകുട്ടിയുടെ ഡയറിക്കുറിപ്പുകൾ. ഡച്ച് പ്രവാസി ഗവൺമെന്റിലെ അംഗമായിരുന്ന ഗെറിറ്റ് ബോൾക്കെസ്റ്റീൻ ഒരിക്കൽ ലണ്ടനിൽനിന്ന് നടത്തിയ റേഡിയോപ്രക്ഷേപണത്തിൽ ജർമ്മൻ അധീനതയിൽ തങ്ങൾ അനുഭവിക്കുന്ന യാതനകൾ കുറിച്ചുവയ്ക്കാൻ തന്റെ നാട്ടുകാരോട് അഭ്യർത്ഥിക്കുന്നു. യുദ്ധാനന്തരം അതു പ്രസിദ്ധപ്പെടുത്തുമെന്നും ആ അറിയിപ്പിലുണ്ടായിരുന്നു. ഇതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ഒരു പതിമൂന്നുവയസ്സുകാരി തന്റെ ചിന്തകൾ, വികാരങ്ങൾ, നിരീക്ഷണങ്ങൾ, വിശ്വാസങ്ങൾ — എല്ലാം തന്റെ ഏറ്റവുമടുത്ത സുഹൃത്തായ കിറ്റി എന്നു പേരിട്ട ഡയറിയുമായി പങ്കിടാനാരംഭിക്കുന്നു. വംശീയമേധാവിത്വമെന്ന വികലമായ ചിന്താഗതിയുടെ ഇരയായി ബെർഗൻ-ബെൽസൻ എന്ന കുപ്രസിദ്ധ നാസി തടവറയിൽ ടൈഫസ് പിടിപെട്ട് മരിച്ച ആൻ എം. ഫ്രാങ്ക് എന്ന യഹൂദ പെൺകുട്ടിയുടെ ഈ സ്മരണകൾ യുദ്ധഭീകരതകളെയും അവ മനുഷ്യമനസ്സിനേല്പിക്കുന്ന ആഘാതങ്ങളെയും ചിത്രീകരിക്കുന്ന ഒരസാധാരണ കൃതിയാണ്.

വിവർത്തനം: **പ്രമീളാദേവി**

കവർ ഡിസൈൻ: സുരേഷ് സോമൻ

ഡിസി ബുക്സ്

www.dcbooks.com

ISBN 81-264-0494-9

9 788126 404940 00024

ഓർമ്മ

₹ 170

ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ • ആൻ ഫ്രാങ്ക്

T920 FRA/A

901

dcb

ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ

Anne Frank

THE DIARY OF A YOUNG GIRL

T920 FRA/A
CASMTVK
901



dcb

T920 FRA/A
CASMTVK
901

College Library TVK
901
A/A

901

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 901 Call No.

This book should be returned on or before the date last given below.

15-020 1 DEC 2016	18-40 20 JAN 2020
15-016 24 JAN 2016	18-40 27 JAN 2020
16-027 10 FEB 2016	18-40 4 FEB 2020
16-027 2 FEB 2017	18-40 13 FEB 2020
15-014 AUG 2017	
5-002 AUG 2017	
-015 NOV 2017	
8-01 DEC 2018	
AN 2019	
2019	
V 2020	

ആൻ ഫ്രാങ്ക്
(1929–1945)

1929 ജൂൺ 12-ന് ജർമ്മനിയിലെ ഫ്രാങ്ക്ഫുർട്ട് ഓൺ-മെയ്നിൽ ജനിച്ചു. 1933-ൽ ഹോളണ്ടിലേക്കു കുടിയേറിപ്പാർത്തു. ജർമ്മൻ പട്ടാളം ഹോളണ്ടിനെ ആക്രമിച്ചപ്പോൾ യഹൂദരായിരുന്ന ആൻ ഫ്രാങ്കും കുടുംബവും ഒരു ഒളിസങ്കേതത്തിൽ അഭയം തേടി. 1944 ആഗസ്റ്റ് 4-ന് നാസി പോലീസ് ഒളിത്താവളത്തിൽ മിന്നൽപരിശോധന നടത്തിയതോടെ ആനും കുടുംബവും കോൺസൻട്രേഷൻക്യാമ്പിൽ തടവിലായി. 1945 മാർച്ചിൽ, ഹോളണ്ടിന്റെ മോചനത്തിന് കേവലം രണ്ടു മാസം മുമ്പ് ബെർഗൻ, ബെൽസൻ എന്ന കുപ്രസിദ്ധ നാസി തടവറയിൽക്കിടന്ന് ടൈഫസ് പിടിപെട്ടു മരിച്ചു.

പ്രമീളാദേവി

വാഴൂർ എസ്.വി.ആർ.എൻ.എസ്.എസ്. കോളജിൽ ഇംഗ്ലീഷ് അദ്ധ്യാപിക. *നിഷാദം*, *രാമേശ്വരം കടൽ*, *വാടകവീട്ടിലെ സന്ധ്യ* എന്നീ കവിതാ സമാഹാരങ്ങൾ പ്രസിദ്ധപ്പെടുത്തി. നിലവിൽ വനിതാ കമ്മീഷൻ അംഗം.

ആൻ ഫ്രാങ്കിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

ആൻ ഫ്രാങ്കിന്റെ അവസാന നാളുകൾ
ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ

ആൻ ഫ്രാങ്ക്

ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ

വിവർത്തനം
പ്രമീളാദേവി

ഡി സി ബുക്സ്

College Of Avian Sciences & ...
LIBRARY
KVASU ...kunnu-678 601

MALAYALAM LANGUAGE
ORIGINAL DUTCH TITLE
Het Achterhuis

ENGLISH TITLE
The Diary of A Young Girl

MEMOIRS
by Anne Frank

MALAYALAM TITLE
Ānne Frānkinte Diarykkurippukal

Translated by Prameela Devi

Rights Reserved

First Published August 2002
24th impression February 2016

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Frank, Anne.
Anne Frankinte diarykkurippukal/Anne Frank;
Malayalam translation/Prameela Devi.
212 p., 21cm.
ISBN 81-264-0494-9.
Malayalam translation of Dutch title 'Het achterhuis.'
1. Diary. 2. Malayalam translation. I. Title.
II. Title-Dutch. III. Prameela Devi.
920-dc22.

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 81-264-0494-9

Printed in India
at D C Press, Kottayam, INDIA

D C BOOKS - THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 170.00

828/15-16-Sl.No. 15160-dcb 2541-(24) 2000-3897-02-16-Itc. 17.0-p sc-1(t) sr-d(t) sm

പ്രസാധകക്കുറിപ്പ്

മനുഷ്യമനഃസാക്ഷിയെ ഞെട്ടിക്കുന്ന ക്രൂരതയാണ് ജർമ്മൻ ഏകാധിപതിയായിരുന്ന ഹിറ്റ്ലർ യഹൂദജനതയോടു കാട്ടിയത്. നാസി തടവറകളിലെ ഗ്യാസ് ചേംബറുകളിൽ വംശശുദ്ധീകരണത്തിന്റെ പേരിൽ ആയിരക്കണക്കിനു ജൂതവംശജർ പിടഞ്ഞു മരിച്ചു. ഹിറ്റ്ലറുടെ വംശോന്മൂലനസിദ്ധാന്തത്തിലൂടെ നാമാവശേഷമാക്കപ്പെട്ട അനേകം ജൂതകുടുംബങ്ങളിൽ ഒന്നായിരുന്നു ആൻ ഫ്രാങ്കിന്റേത്.

1945 മാർച്ചിൽ തെക്കേ ജർമ്മനിയിലെ നാസി തടവറയിൽവച്ച് ആൻ ഫ്രാങ്ക് മരണപ്പെട്ടു. 1944 ആഗസ്റ്റ് 4-ന് നാസി പോലീസ് ആൻ ഫ്രാങ്കിനെയും കുടുംബത്തെയും അവരൊളിവിൽ കഴിഞ്ഞിരുന്ന കെട്ടിടത്തിൽനിന്നും പിടിച്ചുകൊണ്ടുപോകുമ്പോൾ, തന്റെ പ്രിയപ്പെട്ട ഡയറിയെ ഉപേക്ഷിക്കാൻ ആൻ ഫ്രാങ്ക് നിർബന്ധിതയായിരുന്നു. ആൻ ഫ്രാങ്കിന്റെ മരണശേഷം കണ്ടെടുക്കപ്പെട്ട 'ഡയറിക്കുറിപ്പുകൾ' 1947-ൽ ആംസ്റ്റർഡാമിൽ പ്രസിദ്ധീകൃതമായി.

യുദ്ധഭീകരതയെയും അതു മനസ്സിലേൽപ്പിക്കുന്ന ആഘാതങ്ങളെയും യഥാതഥമായി പകർത്തിയ ഈ കൃതി ആൻ ഫ്രാങ്കിന്റെ ജീവിതമോ കൂടെ പാർത്തിരുന്ന ഏതാനും പേരുടെ ജീവിതമോ മാത്രമല്ല ഹോളണ്ടിലെ അന്നത്തെ സാമാന്യജനങ്ങളുടെ ജീവിതാവസ്ഥയെയും എടുത്തുകാട്ടുന്നു. ഇരുളുനിറഞ്ഞതും ഇടുങ്ങിയതുമായ ഒരു മുറിയും കുറെ മനുഷ്യരും മാത്രമെ ആ പെൺകുട്ടിയുടെ മുന്നിൽ ഉണ്ടായിരുന്നുള്ളൂ എങ്കിലും ആ കൗമാരക്കാരിയുടെ അസാധാരണ ഭാവനയും നർമ്മബോധവും ഈ കുറിപ്പുകളെ ഉദാത്തതലത്തിലെത്തിക്കുന്നു. ജീവിതത്തോട് ആഴത്തിലുള്ള അഭിനിവേശം, ഉറച്ച ധൈര്യം, ഭാവിയെക്കുറിച്ചുള്ള അഗാധമായ വിശ്വാസം—ഭീതിയുടെ മുൾമുനയിൽ ദിനരാത്രങ്ങളോരോന്നും തള്ളിനീക്കുമ്പോഴും പ്രസാദപൂർണ്ണമായിരുന്നു ആൻ ഫ്രാങ്കിന്റെ ജീവിതം.

ജീവിതത്തിന്റെ ഏറ്റവും ദുരിതപൂർണ്ണമായ സാഹചര്യങ്ങളിൽപോലും മനുഷ്യസ്നേഹവും ആത്മവിശ്വാസവും കൈവിടാതെ ഹൃദയവും ശിരസ്സും ഉയർത്തിപ്പിടിച്ച് ജീവിതത്തെ അഭിമുഖീകരിക്കാൻ ഈ കൃതി നമ്മെ പ്രേരിപ്പിക്കുന്നു.

ഫ്രാങ്ക് കുടുംബത്തിന്റെ ഒളിത്താവളം ജർമ്മൻ പോലീസിന് ഒറ്റിക്കൊടുത്തതാരാണെന്ന് അറിയുന്നതിനുള്ള അന്വേഷണങ്ങൾ പുതിയ വിവാദങ്ങൾ ഉയർത്തുന്നതിനിടയിലാണ് 'ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ' ഞങ്ങൾ ആദ്യമായി (ആഗസ്റ്റ് 2002) പ്രസിദ്ധപ്പെടുത്തിയത്.